# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ - കൊല്ലം ജില്ല

(ദക്ഷിണ മേഖലകാർഷിക ഗവേഷണകേന്ദ്രം വെള്ളായണിയും, ഭാരതീയ കാലാവസ്ഥവകുപ്പും സംയുക്തമായി നൽകുന്നത്)

നമ്പർ:KLM-AAS-9/2025, (18) തീയ്യതി: 04.03.2025

## അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥ പ്രവചനം

| കാലാവസ്ഥ ഘടകങ്ങൾ | 05/03/2025 | 06/03/2025 | 07/03/2025 | 08/03/2025 | 09/03/2025 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 0.1 | 0 | 0.1 | 0.1 | 0.1 |
| ഉയർന്നതാപനില(° C) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞതാപനില(° C) | 23 | 23 | 23 | 23 | 23 |
| കൂടിയഅന്തരീക്ഷആർദ്രത (%) | 88 | 88 | 88 | 88 | 88 |
| കുറഞ്ഞഅന്തരീക്ഷആർദ്രത(%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത (കിലോമീറ്റർ /മണിക്കൂർ) | 6 | 3 | 3 | 3 | 3 |
| കാറ്റിന്റെദിശ (ഡിഗ്രി) | 110 | 20 | 20 | 180 | 200 |
| മേഘവ്യാപ്തി(ഒക്ട) | 6 | 6 | 6 | 6 | 6 |

| | |
|---|---|
| കാലാവസ്ഥസംഗ്രഹം/അലേർട്ട് | ജില്ലയിൽ ഒറ്റപ്പെട്ടസ്ഥലങ്ങളിൽ വളരെ നേരിയ മഴയ്ക്ക് സാധ്യതയുണ്ട്. കേരളത്തിൽ സാധാരണയിലും സാധാരണയിൽ കൂടുതൽ തോതിലുമുള്ള മഴയ്ക്ക് സാധ്യത. |
| പൊതു നിർദ്ദേശങ്ങൾ | ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക്ധാരാളം ശുദ്ധജലം കുടിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയുംചെയ്യുക. |

## കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| വാഴ | ഇലതീനിപ്പുഴു | വാഴയിൽ ഇലതീനിപ്പുഴുക്കളുടെ ആക്രമണം കാണാൻ സാധ്യതയുണ്ട് ഇതിനെ നിയന്ത്രിക്കാൻ പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ മുട്ട, പുഴു, പ്യൂപ്പ എന്നിവയോടു കൂടിത്തന്നെ നശിപ്പിച്ചുകളയുക. കൂടാതെ വേപ്പിൻകുരു സത്ത് 5 ശതമാനം വീര്യത്തിൽ തയ്യാറാക്കി തളിച്ചുകൊടുക്കുക. |
| മരച്ചീനി | വെള്ളീച്ച | മരച്ചീനിയിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്.ഇതിനെ നിയന്ത്രിക്കാനായി വെർട്ടിസീലിയം 20ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ വേപ്പെണ്ണ എമൽഷൻ 30മി.ല്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്തളിക്കുക |
| മുളക് | ഇലപ്പേൻ | മുളകിൽ ഇലപ്പേനിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട് 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയതക്ക വിധം പത്ത് ദിവസം ഇടവേളകളിലായി തളിക്കുക . ആക്രമണംരൂക്ഷമാണെങ്കിൽ ഇമിഡാക്ലോപ്രിട് 3 മില്ലി പത്ത് ലിറ്റർവെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | വളർത്തുപക്ഷി മൃഗാധികൾക്കു ആവ്യശ്യത്തിനു ശുദ്ധജലംനൽകണം, വെയിലിൽനിന്നും ചൂടിൽ | |

| | | |
|---|---|---|
| | | നിന്നുംസംരക്ഷണം നൽകണം. അവയുടെ താമസസ്ഥലത്ത് വെണ്ടത്ര വായു സഞ്ചാരം ക്രമീകരിക്കണം. |